**കേരള കാർഷിക സർവ്വകലാശാല**
**അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ**

നം.എ.ആർ.എസ്/ബി/1259/11 ചാലക്കുടി തിയ്യതി : 11.11.2024

**<u>പുനർ ലേല ക്വട്ടേഷൻ നോട്ടീസ്</u>**

കേരള കാർഷിക സർവ്വകലാശാല അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ ചാലക്കുടി, പ്രൊഫസറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത്.

സ്റ്റേഷനിലെ 11-)0 ബ്ലോക്കിന്റെ കിഴക്കെ അതിർത്തിയിൽ റോഡിനോട് ചേർന്ന് നിൽക്കുന്ന മൂന്ന് തേക്ക മരങ്ങളും (നമ്പർ 31, 32, 33) 9-)0 ബ്ലോക്കിന്റെ അതിർത്തിയിലുള്ള രണ്ട് തേക്കമരങ്ങളും(നമ്പർ 34, 35) താഴെ പറയുന്ന നിബന്ധനങ്ങൾക്ക് വിധേയമായി ക്വട്ടേഷൻ/പരസ്യലേലം വഴി വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

**<u>ക്വട്ടേഷൻ നിബന്ധനകൾ</u>**

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പ്രൊഫസർ & ഹെഡ്, എ.ആർ.എസ്, ചാലക്കുടി എന്ന വിലാസമെഴുതിയ കവറിൽ സീൽ ചെയ്ത് ദർഘാസുകൾ **<u>2024 നവംബർ മാസം</u>** 20-)0 **രാവിലെ 11 മണിക്ക്** മുൻപായി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കവറിനു പുറത്ത് തേക്ക് മരങ്ങൾക്കുള്ള ക്വട്ടേഷൻ എന്ന് കാണിച്ചിരിക്കണം. 5000/- രൂപ നിരതദ്രവ്യം (EMD) ആയി ഓഫീസിൽ അടയ്ക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചവർക്കും പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
2. **<u>2024 നവംബർ മാസം</u>** 20-)0 **രാവിലെ 11.30 മണിക്ക്** അപ്പോൾ സന്നിഹിതരായിരിക്കുന്ന ആളുകളുടെ സാന്നിദ്ധ്യത്തിൽ ഓഫീസ് പരിസരത്ത് വെച്ച് പരസ്യലേലം നടത്തുന്നതും, അതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ക്വട്ടേഷൻ/ലേലത്തിൽ ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ പ്രൊഫസർ & ഹെഡിന് തൃപ്തികരമെന്ന് തോന്നിയാൽ ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.
3. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും പാൻകാർഡ് കൊണ്ടു വരേണ്ടതാണ്. പാൻകാർഡ് കൊണ്ടുവരാത്തവരെ ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല. കൂടാതെ ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകൾ ഏതെങ്കിലും നിർബന്ധമായും ഹാജരാക്കേണ്ടതാണ്.
4. ലേലം/ക്വട്ടേഷൻ തുകയ്ക്ക് പുറമേ 18% ഉൽപ്പന്ന സേവന നികുതിയും 5% വനവികസന നികുതിയും 2.5% ആദായ നികുതിയും ആകെ 25.5 % അടക്കേണ്ടതാണ്.
5. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി, മൊത്തം തുകയുടെ 1/3 ഭാഗം ഓഫീസിൽ നിന്ന് അറിയിപ്പ് ലഭിച്ച് രണ്ടു ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം യൂണിവേഴ്സിറ്റിയിലേക്ക് മുതൽക്കൂട്ടുന്നതായിരിക്കും. ഓഫീസിൽ നിന്നും നിർദ്ദേശം കിട്ടിയതിനുശേഷം ബാക്കി മുഴുവൻ തുകയും അടച്ച് 10 ദിവസത്തിനുള്ളിൽ മരങ്ങൾ മുറിച്ച് കൊണ്ടുപോകേണ്ടതാണ്.
6. മരങ്ങൾ മുറിക്കുന്ന സമയത്തും നീക്കം ചെയുന്ന സമയത്തും ഫാമിന് ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായാൽ ആയതിൻറെ വ്യാപ്തി അനുസരിച്ച് അധികാരികൾ ചുമത്തുന്ന പിഴ അടയാക്കുവാൻ ക്വട്ടേഷൻ എടുക്കുന്ന വ്യക്തി ബാദ്ധ്യസ്ഥൻ ആയിരിക്കും. യാതൊരു കാരണവും കൂടാതെ തന്നെ ഈ ക്വട്ടേഷൻ ക്യാൻസിൽ ചെയ്യുവാനുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

(മറുപുറം)

7. മരങ്ങൾ മുറിക്കുന്നദിവസം, സുരക്ഷയെ മുൻനിറുത്തി, മുൻകൂട്ടി ഫാം ഓഫീസിൽ അറിയിക്കേണ്ടതും ചുമതലയുള്ള ഫാം ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിൽ മാത്രം മുറിച്ചു നീക്കം ചെയ്യേണ്ടതുമാണ്. യതൊരു കാരണവശാലും അവധിദിവസങ്ങളിൽ മരങ്ങൾ മുറിക്കുവാൻ അനുവദിക്കുന്നതല്ല.

8. തടി ലേലം/ക്വട്ടേഷനുമയി ബന്ധപ്പെട്ട് വനം വകുപ്പ് (ഗവൺമെൻറ് ) നിർദ്ദേശിക്കുന്ന എല്ലാ വ്യവസ്ഥകളും ഈ ലേലം/ ക്വട്ടേഷനും ബാധകമായിരിക്കും.

9. മരങ്ങൾ നേരിട്ട് കണ്ട് പരിശോധിക്കുവാനും, മറ്റ് വിവരങ്ങൾ അറിയുന്നതിനും വേണ്ടി 19.11.2024 വൈകീട്ട് 5 മണിവരെ ഓഫീസുമായി പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ് (ഫോൺ നം. 0480 - 2702116) ലേലത്തിനുമുൻപ് പ്രസ്തുത മരങ്ങൾ ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ തിരിച്ച് അറിഞ്ഞ് ഉറപ്പുവരുത്തേണ്ടതാണ്.

10. ഏതെങ്കിലും കാരണത്താൽ ലേലം/ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം നിശ്ചയിച്ച സമയത്ത് തന്നെ നടത്തുന്നതായിരിക്കും.

11. മരങ്ങൾ മുറിച്ചു മാറ്റി കൊണ്ടു പോകുന്നതിനുള്ള അനുമതി പത്രം ബന്ധപ്പെട്ട വനം വകുപ്പ് അധികാരികളിൽ നിന്നു ലേലം/ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി സമ്പാദിക്കേണ്ടതാണ്.

ഡോ.മിനി അബ്രഹാം,
പ്രൊഫസർ & ഹെഡ്

കോപ്പി :

1. നോട്ടീസ് ബോർഡ്, എ.ആർ എസ്, ചാലക്കുടി
2. കൃഷിഭവൻ, ചാലക്കുടി/ കൃഷിഭവൻ മേലൂർ/ കൃഷിഭവൻ കാട്ടുകുറ്റി / കൃഷിഭവൻ പരിയാരം/ കൃഷിഭവൻ കൊടകര/ കൃഷിഭവൻ കൊരട്ടി.
3. താലൂക്ക് ഓഫീസ്, ചാലക്കുടി
4. മാർക്കറ്റ് ബിൽഡിംഗ്, ചാലക്കുടി
5. ബ്ലോക്ക് ഓഫീസ്, ചാലക്കുടി.
6. പരിയാരം / കോടശ്ശേരി/മേലൂർ/ കൊരട്ടി പഞ്ചായത്ത് ഓഫീസ്
7. തടി ഡിപ്പോ, ചാലക്കുടി / ചട്ടികുളം.
8. കെഎയു, വെബ്സൈറ്റ്

KERALA AGRICULTURAL UNIVERSITY AGRONOMIC RESEARCH STATION CHALAKUDY 680 307